# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തുറയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 6/2074/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/12/2024
ഇ-മെയിൽ:
dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുറയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തുറയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുറയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 6/2074/2024 തീയ്യതി: 20/12/2024

## കോഴിക്കോട് ജില്ലയിലെ തുറയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തുറയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-08-2023 മുതൽ 30-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 09-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നന്ദന.എസ്.പിള്ളൈ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 04-12-2024 | 11-12-2024 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-12-2024 | 11-12-2024 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷൈനി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ജിഷ പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.തൻസീല എൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഗിരീഷൻ. സി.കെ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.കൃഷ്ണകുമാർ.കെ | സെക്രട്ടറി | 01-04-2023 | 31-03-2024 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഹരികൃഷ്ണൻ ജെ | അസി.സെക്രട്ടറി | 01-04-2023 | 27-02-2024 |
| ശ്രീമതി. അനിഷ പി.വി. | അസി.സെക്രട്ടറി | 28-02-2024 | 31-03-2024 |
| ഡോ. റുബീന മറിയം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2023 | 20-11-2023 |
| ഡോ. നീതു | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 21-11-2023 | 31-03-2024 |
| ഡോ. സൂരജ്. എസ്. എൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-03-2024 |
| ശ്രീമതി. അമ്പിളി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ഡോ. ഷെസ്ന മുഹമ്മദ് അലി | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ. അനീഷ് കുമാർ | വി.ഇ.ഒ | 01-04-2023 | 31-03-2024 |
| ശ്രീമതി. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 30-06-2023 |

| | | | |
|---|---|---|---|
| സന്ധ്യ | | | |
| ശ്രീമതി. ഷബ്നം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-07-2023 | 28-02-2024 |
| ശ്രീമതി. റുഹീല ടി.കെ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 29-02-2024 | 31-03-2024 |
| ശ്രീമതി. അജിത എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 03-01-2024 |
| ശ്രീമതി.ദീപ ടി.എ. | അസിസ്റ്റന്റ് എഞ്ചിനീയർ | 04-01-2024 | 31-03-2024 |
| ശ്രീമതി. വിജയലക്ഷ്മി. സി എച്ച് | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീ. രാമദാസ്. എച്ച്.എം | ഹെഡ് മാസ്റ്റർ | 01-04-2023 | 31-03-2024 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | റിഡംപ്ഷൻ തുക ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയില്ല | 1-1-4 |
| 6 | റിഡംപ്ഷൻ തുക ബാങ്ക് റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചില്ല. | 1-1-5 |
| 7 | ബാങ്ക് റീക്കൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ചെക്ക് നിക്ഷേപിച്ചു ബാങ്കിൽ ക്രെഡിറ്റായില്ല | 1-1-7 |
| 9 | Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല | 1-1-8 |
| 10 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ബാധ്യതാ തുകകളുടെ നീക്കിയിരിപ്പ് - വിവരങ്ങൾ ലഭ്യമല്ല | 1-1-10 |
| 12 | ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ എ.സി.ആർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ഫണ്ട് വരവ് വിവരം ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-12 |
| 14 | വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല | 1-1-13 |
| 15 | ബഡ്ജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | ക്ഷേമ പദ്ധതികൾ | 1-6 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 22 | വസ്തുനികുതി ഇളവ് നല്കിയതിലെ അപാകത | 1-9 |
| 23 | E-Health ഒപ്റ്റിക് ഫൈബർ കേബിൾ പൊട്ടിച്ചത് - | 1-10 |

| | | |
|---|---|---|
| | കരാറുകാരനിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കിയില്ല. | |
| 24 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് - ചെലവു തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. | 1-11 |
| 25 | UPI അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ്ജ് ഈടാക്കുന്നു. | 1-12 |
| 26 | കെട്ടിട നമ്പർ ലഭിച്ച ശേഷം ചട്ടവിരുദ്ധമായി നിർമ്മാണങ്ങൾ നടത്തുകയും ഉപയോഗക്രമത്തിൽ മാറ്റം വരുത്തുകയും ചെയ്യുന്നു. | 1-13 |
| 27 | ഒരാളുടെ പേരിൽ ഒന്നിലധികം പാർപ്പിടകെട്ടിടങ്ങൾ - ഉപയോഗക്രമം രേഖപ്പെടുത്തിയതിലെ അപാകതകൾ | 1-14 |
| 28 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പണി പൂർത്തീകരിച്ചില്ല | 1-15 |
| 29 | മുറിച്ചിട്ട മരം - ലേല നടപടികൾ പൂർത്തിയാക്കിയില്ല | 1-16 |
| 30 | റൂഫിംഗ് ഷീറ്റിടുന്ന പ്രവൃത്തിക്ക് തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധികച്ചെലവ് | 1-17 |
| 31 | ബി. ടി. എം ഹൈസ്കൂൾ - പാലച്ചുവട് റോഡ് രണ്ടാം ഘട്ടം - പഞ്ചായത്തിനുണ്ടായ അധിക ചെലവ് മുൻ കരാറുകാരനിൽ നിന്നും ഈടാക്കിയില്ല. | 1-18 |
| 32 | ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല | 1-19 |
| 33 | എഫ്.എച്ച്.സി സബ്സെന്ററിലേക്ക് ലാപ്ടോപ്പ് വാങ്ങൽ - കെൽട്രോണിൽ നിന്ന് ലാപ്ടോപ്പ് ലഭ്യമാകാത്തതും മറ്റ് അപാകതകളും. | 1-20 |
| 34 | അഡ്വാൻസ് തുക സംബന്ധിച്ച് വ്യക്തതയില്ല | 1-21 |
| 35 | ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-22 |
| 36 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മ സേന - പ്രവർത്തനാവലോകനം | 1-23 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തുറയൂർ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.05.2024 തീയതിയിലെ 1/1 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 09.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തുറയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കോഴിക്കോട്

തീയതി:20.12.2024 ഡെപ്യൂട്ടി ഡയരക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ട പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 (2) ഇ പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ മേൽ ചട്ടങ്ങളിലെ ചട്ടം 62 (2) എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തേണ്ടതും, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇവയൊന്നും ഉൾപ്പെടുത്താതെയാണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase/(Decrease) In Cash And Cash Equivalents ആയി രേഖപ്പെടുത്തിയ -9,65,107/- രൂപയും ഇതേ പത്രികയിലെ Operating, Investing, Financing Activity എന്നിവയുടെ Net Cash ന്റെ ആകെ തുകയായ 62,69,029/- രൂപയും തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വസ്തു നികുതി ഇനത്തിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ, പുതിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുന്നത് എന്നിവയ്ക്ക് അനുസരിച്ച് ഡിമാന്റിൽ വ്യത്യാസം വരുത്തുന്നില്ല.

### 1-1-4 റിഡംപ്ഷൻ തുക ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയില്ല

2022-23 സാമ്പത്തിക വർഷം റിഡംപ്ഷൻ ഇനത്തിൽ സർക്കാരിൽ നിന്ന് 7,77,275/- രൂപ ലഭിക്കാനുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂളിൽ 431500199 നമ്പർ ഹെഡിൽ ഈ തുക രേഖപ്പെടുത്തിയിട്ടില്ല.

### 1-1-5 റിഡംപ്ഷൻ തുക ബാങ്ക് റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചില്ല.

റിഡംപ്ഷൻ ഇനത്തിൽ തുക പിൻവലിച്ചെങ്കിലും ബാങ്ക് റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ ആയത് പ്രതിഫലിച്ചിട്ടില്ല. റിഡംപ്ഷൻ തുക ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂളിൽ പ്രസ്തുത അക്കൗണ്ടുകളിൽ നീക്കിയിരിപ്പായാണ് കാണിച്ചിട്ടുള്ളത്. (എൽ.ജി.ടി.എസ്.ബി അക്കൗണ്ടിൽ (799013000000654) നിന്ന് 30.3.24 ന് 750334/- രൂപ, സബ് ട്രഷറി അക്കൗണ്ടിൽ (799011400001457 നിന്ന് 30.3.24 ന് 26,941/- രൂപ).

### 1-1-6 ബാങ്ക് റീക്കൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുന്നില്ല

തുറയൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിന്റെ (20070001992) ബാങ്ക് റിക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 832,925/-രൂപയ്ക്ക് പകരം 839,425/- രൂപയാണ് രേഖപ്പെടുത്തിയത്.

### 1-1-7 ചെക്ക് നിക്ഷേപിച്ചു ബാങ്കിൽ ക്രെഡിറ്റായില്ല

ബാങ്കിൽ നിക്ഷേപിച്ച ചെക്ക് തുകകൾ നാളിതുവരെ ക്രെഡിറ്റ് ആയില്ല. (Cheque Deposited But Not Cleared ആയി എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൗണ്ടിൽ 30.4.22 ന് 1574/- രൂപ)

### 1-1-8 Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല

ബാങ്ക് റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് ഓഡിറ്റ് സമയം വരെയും നടപടി സ്വീകരിച്ചിട്ടില്ല. (തുറയൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിന്റെ (20070001992) 27.3.24 ന് 23660/- രൂപ)

### 1-1-9 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിലെ ബാധ്യതാ തുകയും B17 ലെ ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് | B4 | B17 |
|---|---|---|
| ഐ.സി.ഡി.എസ് (Canara Bank 1908101022961) | 16,44,740 | 12,30,364 |
| സി.എഫ്.സി (KGB 40209101076666) | 18,76,789+ 30,58,482 | 23,01,642 |

### 1-1-10 ബാധ്യതാ തുകകളുടെ നീക്കിയിരിപ്പ് - വിവരങ്ങൾ ലഭ്യമല്ല

ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിലെ 320200399 ഹെഡിലെ ബാധ്യതാ തുകയുടെ ഉദ്ദേശ്യം, നാളിതുവരെയുള്ള വിനിയോഗ വിവരം, നീക്കിയിരിപ്പ് എന്നിവ എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-11 ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ എ.സി.ആർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരമുള്ള ചുവടെ പറയുന്ന നീക്കിയിരിപ്പ് തുകകൾ എ.സി.ആർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഹെഡ് | ഇനം | B4 ഷെഡ്യൂൾ | എ.സി.ആർ |
|---|---|---|---|
| 320100196 | ഐ.സി.ഡി.എസ് | 16,44,740 | 12,18,948 |
| 320100198 | ശുചിത്വ മിഷൻ ഗ്രാന്റ് | 2,04,090 | 1,35,883 |
| 320200104 | സി.എഫ്.സി അൺടൈഡ് | 18,76,789 | 2,91,789 |
| 320200113 | സി.എഫ്.സി ടൈഡ് | 30,58,482 | 19,73,876 |
| 320100202 | ഹെൽത്ത് ഗ്രാന്റ് (Infrastructure) | 8,66,026 | 13,230 |
| 320100204 | ഹെൽത്ത് ഗ്രാന്റ് (Health And Wellness Center) | 3,86,971 | 5,971 |
| 320800101 | ഗുണഭോക്തൃ വിഹിതം | 1,79,987 | 1,18,237 |

### 1-1-12 ഫണ്ട് വരവ് വിവരം ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് സി.എഫ്.സി അൺടൈഡ്, ടൈഡ് എന്നിവയിൽ യഥാക്രമം 1585000/-, 1084606/- രൂപയുടെ ചെലവുണ്ടെങ്കിലും പ്രസ്തുത ചെലവുകൾ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-13 വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

വികസന ഫണ്ട് ജനറൽ, എസ്.സി.പി, മെയിന്റനൻസ് ഫണ്ട് റോഡ്, നോൺ റോഡ് എന്നിവയിലെ വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കുമായി ബന്ധപ്പെട്ട മേൽ അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-2 ബഡ്ജറ്റ്

തുറയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് 18.03.2023 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബഡ്ജറ്റ് 06.02.2024 ലെ 2-ാം നമ്പർ തീരുമാനപ്രകാരവും ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 96,96,126 |
| വരവ് | 2,79,57,972 |
| ആകെ | 3,76,54,098 |
| ചെലവ് | 2,89,23,079 |
| നീക്കിയിരിപ്പ് | 87,31,019 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 95,42,000 | 95,42,000 | 80,72,000 | 14,70,000 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 5312000 | 5312000 | 4493965 | 818035 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 83,03,850 | 83,03,850 | 43,59,069 | 39,44,781 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 29,00,600 | 29,00,600 | 23,92,867 | 5,07,733 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 2,23,324 | 16,53,465 (1585000+68465 (Interest)) | 18,76,789 | 15,85,000 | 2,91,789 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 18,69,982 | 11,88,500 | 30,58,482 | 10,84,606 | 19,73,876 |

(കുറിപ്പ് - വാർഷിക കണക്ക് I-6 പ്രകാരം വികസന ഫണ്ട് (ജനറൽ), എസ്.സി.പി എന്നിവയിലെ ചെലവ് തുക യഥാക്രമം 8072001, 4493964 എന്നിങ്ങനെയാണ്. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്), ടൈഡ് എന്നിവയിലെ നീക്കിയിരിപ്പ് തുക വാർഷിക കണക്ക് ബി-4 പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 129 | 12,26,52,053/- | 85 | 3,54,35,194/- | 44 | 66 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 25,00,000/- | 238 |
| വിധവാപെൻഷൻ | 73,70,800/- | 678 |

| | | |
|---|---|---|
| വാർദ്ധക്യ കാലപെൻഷൻ | 1,11,69,100/- | 1223 |
| വികലാംഗപെൻഷൻ | 26,85,100/- | 264 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 78,400/- | 7 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) -ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.12.2024 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,623/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട് എന്ന് കാണുന്നു. തനത് ഫണ്ട് വളരെ കുറഞ്ഞ പഞ്ചായത്ത്, പദ്ധതിക്കായി 10,07,110/- രൂപ തനത് ഫണ്ട് വകയിരുത്തിയെങ്കിലും തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. തനത് ഫണ്ട് ചെലവഴിക്കുന്നതിൽ മിതവ്യയം പാലിച്ചുകൊണ്ട് പ്രവർത്തനം നിയന്ത്രിക്കുന്നതിൽ ഒരു പരിധി വരെ പഞ്ചായത്ത് വിജയിച്ചിട്ടുണ്ട്. എങ്കിലും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഫണ്ടിന്റെ കുറവ് തടസ്സം സൃഷ്ടിക്കുന്നുണ്ട്. റിപ്പോർട്ടിൽ സൂചിപ്പിച്ച വാർഷിക കണക്കിലെ അപാകതകൾ ആഭ്യന്തരനിയന്ത്രണത്തിന്റെ പോരായ്മയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ച് ഫണ്ട് ലഭ്യത വർദ്ധിപ്പിക്കാൻ പരിശ്രമിക്കേണ്ടതാണ്.

## 1-9 വസ്തുനികുതി ഇളവ് നല്കിയതിലെ അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 21 (2) (ബി) 1-ാം ഉപചട്ടപ്രകാരം നികുതി ഇളവ് ചെയ്തു കിട്ടുന്നതിനുള്ള കാലം കണക്കാക്കേണ്ടത് ആ ആവശ്യത്തിനുള്ള അപേക്ഷ നൽകിയ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞു കിടന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതൽ ആണ്. 2023-24 വർഷത്തെ വേക്കൻസി റെമിഷൻ അപേക്ഷകൾ പരിശോധിച്ചതിൽ, നികുതി ഒഴിവാക്കുന്നതിനുള്ള അപേക്ഷകളിൽ ചിലത് ലഭിച്ചിരിക്കുന്നത് കെട്ടിടം ഒഴിഞ്ഞു കിടക്കുന്നുവെന്ന് കാണിച്ച തീയതിക്കു ശേഷമാണ്. ആയതിനാൽ നികുതി കണക്കാക്കേണ്ടത് അപേക്ഷ ലഭിച്ച തീയതി മുതലാണ്. എന്നാൽ പഞ്ചായത്തിൽ അപേക്ഷാ തീയതി പരിഗണിക്കാതെ അപേക്ഷിച്ച അർദ്ധവർഷ കാലയളവിലെ നികുതി മുഴുവൻ ഇളവ് ചെയ്തു കൊടുത്തതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | അപേക്ഷ തിയ്യതി | ഇളവ് അനുവദിച്ച തിയ്യതി |
|---|---|---|---|---|
| 1 | അസീമ | 1/16 G, H, J | 24.04.2023 | 01.04.2023 മുതൽ 30.09.2023 വരെ |
| 2 | സുമേഷ് | 5/505, 506, 507, 507A, B, C, D | 06.10.2023 | 01.10.2023 മുതൽ 31.03.2024 വരെ |

| | | | | |
|---|---|---|---|---|
| 3 | അബ്ദുൽ റഷീദ് | 5/158 G | 23.11.2023 | 01.10.2023 മുതൽ 31.03.2024 വരെ |
| 4 | അബ്ദുൽ റഷീദ് | 5/158 A, D | 18.01.2024 | 01.10.2023 മുതൽ 31.03.2024 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനോടൊപ്പം തുടർവർഷങ്ങളിൽ ചട്ടങ്ങൾ കൃത്യമായി പാലിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. നികുതി ഒഴിവാക്കുന്നതിന് ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് അധികമായി ഇളവ് അനുവദിച്ച തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-10 E-Health ഒപ്റ്റിക് ഫൈബർ കേബിൾ പൊട്ടിച്ചത് - കരാറുകാരനിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കിയില്ല.

കുടുംബാരോഗ്യ കേന്ദ്രത്തിലെ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണ വേളയിലെ ടാങ്ക് നിർമ്മാണത്തിനിടയിൽ E-Health ഒപ്റ്റിക് ഫൈബർ കേബിൾ പൊട്ടിയിരുന്നു. നിർമ്മാണം നടക്കുന്ന സമയത്ത് തന്നെ ഈ സ്ഥലത്ത് കേബിൾ ഉണ്ടെന്ന മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും നിർമ്മാണ പ്രവർത്തകരുടെ അശ്രദ്ധ കാരണം കേബിൾ കണക്ഷൻ തകർന്നു. E-Health സംവിധാനം ഒരുക്കുന്നതിന് പദ്ധതി തുക 4,95,000/- രൂപ ഉപയോഗിച്ച് കേബിളിംഗ് വർക്ക് പൂർത്തീകരിച്ച Keltron അധികൃതരുടെ റിപ്പോർട്ട് പ്രകാരം, കട്ട് ആയ കേബിൾ ജോയിന്റ് ചെയ്താൽ പ്രയോജനമില്ലെന്നും സെർവ്വർ റൂം മുതൽ സ്വിച്ച് പോയിന്റ് വരെ ഒറ്റ കേബിൾ ആയി നിലനിർത്തിയാൽ മാത്രമേ സിഗ്നൽ സ്റ്റെങ്ങ്ത്ത് ഉണ്ടാകുകയുള്ളൂ എന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേബിൾ പുനസ്ഥാപിക്കുന്നതിനാവശ്യമായ ചെലവ് തുക 10,000/- രൂപ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണ കോൺട്രാക്ടറിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ പഞ്ചായത്തിന് 29.03.23 ന് കത്ത് അയച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 10,000/- രൂപ അടവാക്കണമെന്ന് നിർദ്ദേശിച്ച് 12.04.23 ന് സെക്രട്ടറി കോൺട്രാക്ടർക്ക് കത്ത് അയച്ചിട്ടുണ്ടെങ്കിലും കോൺട്രാക്ടർ നഷ്ടപരിഹാരത്തുക അടവാക്കിയില്ല.

പിന്നീട് 13.07.23 ന് ചേർന്ന ഭരണ സമിതി യോഗത്തിൽ 13ാം നമ്പർ തീരുമാന പ്രകാരം കോൺട്രാക്ടറെ നേരിട്ട് വിളിച്ച് പ്രശ്നം പരിഹരിക്കുന്നതിന് തീരുമാനിച്ചെങ്കിലും നാളിതു വരെയും തുക ഈടാക്കിയിട്ടില്ല. തുക ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/2023-24, തിയ്യതി 10.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല. കേബിളിന്റെ തകരാറ് പരിഹരിച്ച് ആയതിന് ചെലവ് വരുന്ന തുക കോൺട്രാക്ടറിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതും, ഇനി കരാറുകാരൻ നേരിട്ട് കേബിൾ പുനഃസ്ഥാപിക്കുകയാണെങ്കിൽ ആയതിന്റെ വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് - ചെലവു തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല.

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം, പ്രോജക്ട് | ചെലവു തുക, ഫണ്ട്, ബിൽ നമ്പർ | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|
| 52/24, ഡി. പി. സി കെട്ടിടത്തിന് തുക കൈമാറൽ | 50,000 – വികസന ഫണ്ട്, ബിൽ നമ്പർ - 630 തീയതി 12.07.2023 | ജില്ലാ കളക്ടർ, കോഴിക്കോട് |

മേൽ പ്രകാരം കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 05/2023-24 തീയതി 10.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-12 UPI അക്കൗണ്ടിൽ നിന്നും ബാങ്ക് ചാർജ്ജ് ഈടാക്കുന്നു.

പഞ്ചായത്തിന്റെ UPI അക്കൗണ്ടിൽ (CANARA BANK : 120024194860) നിന്നും POS Rent ഇനത്തിലും ബാങ്ക് ചാർജ്ജ് ഇനത്തിലും തുകകൾ ഈടാക്കുന്നു. പണം പിൻവലിക്കൽ പരിശോധനയിൽ കണ്ട ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക ഈടാക്കിയ ഇനങ്ങൾ | തുക | തിയ്യതി |
|---|---|---|---|
| 1 | POS Rent | 708/- | 10.11.2023 |
| | | 708/- | 10.12.2023 |
| | | 708/- | 10.01.2024 |
| | | 708/- | 10.02.2024 |
| 2 | Bank Charge | 394/- | 16.01.2024 |
| | | 592/- | 30.01.2024 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:17/2023-24, തിയ്യതി: 10.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരം പ്രസ്തുത ബാങ്കിനെ അറിയിച്ച് തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 കെട്ടിട നമ്പർ ലഭിച്ച ശേഷം ചട്ടവിരുദ്ധമായി നിർമ്മാണങ്ങൾ നടത്തുകയും ഉപയോഗക്രമത്തിൽ മാറ്റം വരുത്തുകയും ചെയ്യുന്നു.

തുറയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 10.12.2024 തീയതിയിൽ രാവിലെ 11.00 മണിക്ക് LSGD ഓവർസിയർ, വസ്തു നികുതി സെക്ഷൻ ക്ലർക്ക് എന്നിവരുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പരിശോധന നടത്തിയ സ്ഥലം | പരിശോധനയിൽ കണ്ടെത്തിയത് |
|---|---|---|
| 1 | 1/309 F മുതൽ O വരെ<br>മുഹമ്മദ് റിസ<br>Commercial Cum Residential Building | 1.കംപ്ലീഷൻ പ്ലാനിലും സഞ്ചയയിലും ഈ കെട്ടിടം വാണിജ്യ കെട്ടിടമായാണ് കാണിച്ചിട്ടുള്ളത്. എന്നാൽ സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ ഒന്നാം നില പ്രത്യേക പാർപ്പിടാവശ്യത്തിനായാണ് ഉപയോഗിക്കുന്നതെന്ന് ബോധ്യപ്പെട്ടു.<br>2.കംപ്ലീഷൻ പ്ലാൻ പ്രകാരം ഒന്നാം നിലയിൽ നിർമ്മിക്കേണ്ട ടോയ്‌ലറ്റ് നിർമ്മിച്ചിട്ടില്ല. നിലവിൽ ഈ ഭാഗം ഒരു കിച്ചൺ ഏരിയ ആയാണ് ഉപയോഗിക്കുന്നത്. |

| | | |
|---|---|---|
| | | 3.സർവ്വീസ് പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഇടത് വശത്ത് റോഡിനോട് ചേർന്നാണ് പാർക്കിംഗ് ഏരിയ കാണിച്ചിട്ടുള്ളത്. എന്നാൽ ഇവിടെ 4.8m X 7.5m വിസ്തൃതിയിൽ ട്രസ്സ് വർക്ക് അനധികൃതമായി ചെയ്തിട്ടുണ്ട്. കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു ബേക്കറിയുടെ ഭാഗങ്ങളാണ് പാർക്കിംഗ് ഏരിയയ്ക്കായി മാറ്റി വച്ച സ്ഥലത്ത് പ്രവർത്തിക്കുന്നത്. |
| 2 | 7/ 86 A മുതൽ F വരെ<br>നാസർ,സൗദ<br>Commercial Building | 1. കെട്ടിടത്തിലെ 4 മുറികൾ വാണിജ്യാവശ്യത്തിനും 2 മുറികൾ പാർപ്പിടാവശ്യത്തിനുള്ളതുമാണ്. പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന മുറികൾ ഉടമസ്ഥൻ തന്റെ സ്വന്തം താമസത്തിനുപയോഗിക്കുന്നതല്ലെന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. |
| 3 | 5/93 A മുതൽ L വരെ<br>അബ്ദുൽ ബഷീർ<br>Commercial Building | 1. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഒന്നാം നിലയിലും രണ്ടാം നിലയിലും വാണിജ്യാവശ്യത്തിനുള്ള മുറികളാണ് കാണിച്ചിട്ടുള്ളത്. എന്നാൽ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ വാണിജ്യാവശ്യത്തിനുള്ള മുറികളും ഒന്നാം നിലയിൽ പാർപ്പിടാവശ്യ കെട്ടിടങ്ങളുമാണ് ഉള്ളത് എന്ന് സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. |

മേൽ പരാമർശിച്ച കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരം ലഭ്യമാക്കാനും പഞ്ചായത്തിന്റെ കീഴിലുള്ള മറ്റ് കെട്ടിടങ്ങളിലും അനധികൃത നിർമ്മാണങ്ങൾ നടത്തുന്നുണ്ടോ എന്ന് പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/ 10.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെ വിസ്തൃതിയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1) ൽ വ്യക്തമാക്കിയിട്ടുണ്ട്. പിന്നീട് രണ്ട് വർഷത്തിന് ശേഷം എപ്പോൾ വേണമെങ്കിലും പോസ്റ്റ് ഒക്യുപെൻസി നടത്താമെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2) ലും വ്യക്തമാക്കിയിട്ടുണ്ട്. ഒക്യുപ്പൻസിയും കെട്ടിട നമ്പറും വാങ്ങിയ ശേഷം കെട്ടിടത്തിൽ ചട്ടവിരുദ്ധമായ മാറ്റം വരുത്തി ഉപയോഗിക്കുന്നത് പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് കൃത്യമായ ഇടവേളകളിൽ നടത്താത്തതുകൊണ്ടാണ് എന്ന് വ്യക്തമാണ്. നമ്പർ അനുവദിച്ച ശേഷം ചട്ടവിരുദ്ധമായി അനധികൃത നിർമ്മാണങ്ങൾ നടത്തിയതിന് മേൽ കെട്ടിട ഉടമകൾക്കെതിരെ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. ഖണ്ഡികയിൽ നിർദ്ദേശിച്ച പ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് എല്ലാ വാർഡുകളിലും കൃത്യമായ ഇടവേളകളിൽ നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-14 ഒരാളുടെ പേരിൽ ഒന്നിലധികം പാർപ്പിടകെട്ടിടങ്ങൾ - ഉപയോഗക്രമം രേഖപ്പെടുത്തിയതിലെ അപാകതകൾ

സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ന്യൂ ബിൽഡിംഗ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ഒരാളുടെ പേരിലുള്ള ഒന്നിലധികം പാർപ്പിടകെട്ടിടങ്ങളെ സ്വന്തം താമസത്തിനുപയോഗിക്കുന്ന പാർപ്പിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി ച. മീറ്ററിന് 8 രൂപ നിരക്കിലാണ് നികുതി ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് കാണുന്നു. എന്നാൽ ഉടമസ്ഥൻ വാടകയ്ക്ക് നൽകുവാനുപയോഗിക്കുന്ന കെട്ടിടങ്ങളെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ എന്ന് കണക്കാക്കി നികുതി ഏർപ്പെടുത്താത്തതിനാൽ വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം: | വാർഡ്/ ഡോർ നം: | വിസ്തീർണ്ണം(ച. മീ.) | ഉടമസ്ഥന്റെ പേര് | നിലവിൽ കാണിച്ച ഉപയോഗക്രമം/ ഏർപ്പെടുത്തിയ നികുതി നിരക്ക് | യഥാർത്ഥത്തിൽ കാണിക്കേണ്ട ഉപയോഗക്രമം/ ഏർപ്പെടുത്തേണ്ട നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | 7/86 E | 53.2 | നാസിർ, സൗദ | പാർപ്പിടാവശ്യം/8 രൂപ | ലോഡ്ജ്, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ളവ 300 ച. മീ. വരെയുള്ളവ/70 രൂപ |
| | 7/86 F | 53.2 | | | |

മേൽ അപാകത മൂലം വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങൾക്കും പഞ്ചായത്തിലെ സമാനമായ മറ്റ് കെട്ടിടങ്ങൾക്കും പട്ടികയിൽ നിർദ്ദേശിച്ച രീതിയിൽ നികുതി ഈടാക്കാത്തതിന് കാരണം വിശദീകരിക്കേണ്ടതാണ് എന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:13/2023-24, തിയ്യതി: 10.12.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ചവയുടേയും ഇത്തരത്തിൽ തെറ്റായി നികുതി നിർണ്ണയിച്ച സമാനമായ കെട്ടിടങ്ങളുടെയും നികുതികൾ പുനഃനിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പണി പൂർത്തീകരിച്ചില്ല

2022-23 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി താഴെപ്പറയും പ്രകാരം പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| പ്രോജക്ട് നം. | 105/23 |
| അടങ്കൽ | 3,00,000/- വികസന ഫണ്ട് - എസ്. സി. പി |
| ചെലവ് | 3,00,000/-<br>ബിൽ നമ്പർ - 713 തീയതി 13.01.2023 – 1,50,000/- രൂപ<br>ബിൽ നമ്പർ - 864 തീയതി 27.03.2023 – 1,50,000/- രൂപ |

ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ട മൂന്ന് പേർക്ക് താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പൂർത്തീകരിച്ച സ്റ്റേജ് | അനുവദിച്ച തുക |
|---|---|---|---|
| 1 | ആദിത്യ കെ. ആർ | ലിന്റിൽ ഉയരം പൂർത്തീകരിച്ചു | 1,25,000 |
| 2 | അനുശ്രീ എ. കെ | മേൽക്കൂര പൂർത്തീകരിച്ചു | 1,25,000 |
| 3 | സായൂജ് എസ്. എസ് | പണി ആരംഭിച്ചിട്ടില്ല | 50,000 |
| | ആകെ | | 3,00,000 |

ഈ പ്രോജക്ടിന്റെ പൂർത്തീകരണത്തിനായി 2023-24 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെപ്പറയും പ്രകാരമുള്ള തുടർച്ചാ പ്രോജക്ടും നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| പ്രോജക്ട് നം. | 135/24 |
| അടങ്കൽ | 3,00,000/- വികസന ഫണ്ട് - എസ്. സി. പി |
| ചെലവ് | ഇല്ല |

എന്നാൽ 2022-23 വർഷം വിവിധ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ 2023-24 വർഷം പഠനമുറിയുടെ പണി പൂർത്തീകരിക്കുകയോ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റുകയോ ചെയ്തിട്ടില്ല. ശ്രീ. സായൂജ് എസ്. എസ് എന്ന ഗുണഭോക്താവ് അഡ്വാൻസ് ആയി 50,000 രൂപ കൈപ്പറ്റിയെങ്കിലും പഠനമുറിയുടെ പണി നാളിതുവരെയായി ആരംഭിച്ചിട്ടില്ല എന്നു കാണുന്നു. മേൽ ഗുണഭോക്താക്കൾ അടിയന്തിരമായി പഠനമുറിയുടെ പണി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. അഡ്വാൻസ് ആയി 50,000 രൂപ കൈപ്പറ്റി പഠനമുറിയുടെ പണി നാളിതുവരെയായി ആരംഭിക്കാത്ത ഗുണഭോക്താവിൽ നിന്നും ആവശ്യമെങ്കിൽ നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 04/2023-24 തീയതി 10.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കൾ അടിയന്തിരമായി പഠനമുറിയുടെ പണി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതും തുടർ നടപടി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 മുറിച്ചിട്ട മരം - ലേല നടപടികൾ പൂർത്തിയാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ 4ാം വാർഡിൽ വിയ്യഞ്ചിറ ഭാഗത്ത് റോഡ് സൈഡിൽ ഷോപ്പിന് ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റിയതിന് തനതു ഫണ്ടിൽ നിന്നും വൗച്ചർ നം. 22300398/18.10.2023 പ്രകാരം 4,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. മുറിച്ചു മാറ്റിയ മരങ്ങൾക്ക് KFDDO/26937/2022 തീയതി 16.9.22 പ്രകാരം കോഴിക്കോട് ഫോറസ്റ്റ് ഡിവിഷനിലെ അസി. ഫോറസ്റ്റ് കൺസർവേറ്റർ 12,425 രൂപ വില നിശ്ചയിച്ചിട്ടുണ്ട്. മരങ്ങൾ പല തവണ ലേലം ചെയ്തെങ്കിലും ആരും വാങ്ങാൻ തയ്യാറായില്ലെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മുറിച്ചിട്ട മരങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുന്നതിനു മുമ്പായി ലേലം ചെയ്ത് തുക തനതു ഫണ്ടിൽ മുതൽ കൂട്ടാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-17 റൂഫിംഗ് ഷീറ്റിടുന്ന പ്രവൃത്തിക്ക് തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിനാൽ അധികച്ചെലവ്

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

1. പ്രൊജക്റ്റ് നം. - 109/24, ആയുർവേദ ആശുപത്രി പുനരുദ്ധാരണം

അടങ്കൽ - 4,25,362/-, സംരക്ഷണഗ്രാന്റ് (നോൺ റോഡ്)

ചെലവ് തുക - 1,17,311/-, ബിൽ നം. 255/28.3.23

2,17,840/-, ബിൽ നം. 130/29.11.23

3,35,151 /-

കരാറുകാരൻ - മഠത്തിൽ ദിനേശൻ

2. പ്രൊജക്റ്റ് നം. - 79/24, അങ്കണവാടി കെട്ടിടനവീകരണം

അടങ്കൽ - 3,00,000/-, സംരക്ഷണഗ്രാന്റ് (നോൺ റോഡ്)

ചെലവ് തുക - 1,12,237/-, ബിൽ നം. 254/11.9.24

1,32,061/-, ബിൽ നം. 255/11.9.24

2,44,298 /-

കരാറുകാരൻ - അനീഷ് കെ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതികളിൽ റൂഫിംഗ് ഷീറ്റിടുന്ന (0.50mm G I Sheet) പ്രവൃത്തിക്ക് PRICE ലെ ഇനം 12.50 ആണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത്. 2018 DSR നിരക്കിൽ 36.44% കോസ്റ്റ് ഇൻഡക്സിൽ ഇനം 12.50 ന്റെ നിരക്ക് 1 $M^2$ന് 743.34 രൂപയാണ്. ഓഡിറ്റ് വർഷം നടപ്പിലാക്കിയ മറ്റ് പ്രവൃത്തികളിലെല്ലാം റൂഫിംഗ് ഷീറ്റിടുന്നതിന് PRICE ലെ ഇനം 51.20 ആണ് ഉപയോഗപ്പെടുത്തിയത്. പ്രസ്തുത ഇനത്തിന് 1 $M^2$ ന് 603.04 രൂപയാണ് നിരക്ക്. തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ കരാറുകാരന് അധിക നിരക്ക് നൽകാനിടയായിട്ടുണ്ട്. കരാറുകാരന് നൽകിയ തുകയുടേയും, നൽകാവുന്ന തുകയുടേയും വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് | ബിൽ പ്രകാരം കരാറുകാരന് നൽകിയ തുക | യഥാർത്ഥത്തിൽ കരാറുകാരന് നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 109/24, ആയുർവേദ ആശുപത്രി പുനരുദ്ധാരണം | 646/M2 | 20.400 X 646 = 13,178/- | 20.400 X 603.04 = 12,302/- | 876/- |
| 79/24, അങ്കണവാടി കെട്ടിട നവീകരണം | 684.62/M2 | 55.808 X 684.62 = 38,207.27/- | 55.808 X 603.04 = 33,654.45/- | 4,552.82/- |
| | | | Total | 5,428.82/- |
| | | | GST 18% | 977.18/- |

| | | | | |
|---|---|---|---|---|
| | | | Grand Total | 6,406/- |

മേൽ പറഞ്ഞ പ്രകാരം തെറ്റായ ഇനം/ നിരക്ക് കൂടിയ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/10.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഒരേ തരത്തിലുള്ള നിർമ്മാണങ്ങൾക്ക് വ്യത്യസ്ത നിരക്കിലുള്ള ഇനങ്ങൾ എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തുന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്.

## 1-18 ബി. ടി. എം ഹൈസ്കൂൾ - പാലച്ചുവട് റോഡ് രണ്ടാം ഘട്ടം - പഞ്ചായത്തിനുണ്ടായ അധിക ചെലവ് മുൻ കരാറുകാരനിൽ നിന്നും ഈടാക്കിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നം. - 108/24

അടങ്കൽ - 3,21,707/-, സംരക്ഷണഗ്രാന്റ് (റോഡ്)

ബി. ടി. എം ഹൈസ്കൂൾ - പാലച്ചുവട് റോഡിൽ 0/452 മുതൽ 0/530.5 വരെയുള്ള ചെയിനേജിൽ റോഡ് റീടാറിംഗ് നടത്തുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. 26.7.2023 ന് ഇ ടെണ്ടർ ചെയ്തതിൽ 2,58,958.16 രൂപ ക്വാട്ട് ചെയ്ത മഠത്തിൽ ദിനേശൻ എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചു. എന്നാൽ കരാറുകാരൻ യഥാസമയം കരാർ വെക്കാത്തതിനാൽ നിലവിലെ ടെണ്ടർ ക്യാൻസൽ ചെയ്ത് റീടെണ്ടർ ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. (26.10.23 ലെ ഭരണസമിതി തീരുമാനം 1/2). കൂടാതെ നിരതദ്രവ്യം കണ്ടു കെട്ടുന്നതിനും വീണ്ടും ടെണ്ടർ ചെയ്യുമ്പോൾ ഉണ്ടാകുന്ന ടെണ്ടർ വേരിയേഷൻ തുക കരാറുകാരനിൽ നിന്ന് ഈടാക്കുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിരതദ്രവ്യം 6781/- രൂപ 28.12.2023 ന് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടുണ്ട്. പ്രവൃത്തി റീ ഇ-ടെണ്ടർ ചെയ്യുകയും അഭിനിത്. കെ. എം എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത 2,67,344.31 രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. പ്രവൃത്തി പൂർത്തിയാക്കിയതിനെ തുടർന്ന് 18% ജി.എസ്.ടി ഉൾപ്പെടെ 315407 രൂപ ബിൽ നം. 241/30.8.2024 പ്രകാരം കരാറുകാരന് അനുവദിച്ചിട്ടുണ്ട്. 2,67,294 രൂപയാണ് ആകെ പ്രവൃത്തിമൂല്യം. ആദ്യ ടെണ്ടർ ക്യാൻസൽ ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന് 9,836 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. [267294 – 258958 = 8,336, 8336 + 1500 (Gst18%) = 9836] ഭരണസമിതി തീരുമാനം പ്രകാരം ടെണ്ടർ വേരിയേഷൻ തുക മുൻ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്. മഠത്തിൽ ദിനേശൻ എന്ന കരാറുകാരനിൽ നിന്ന് 9,836 രൂപ ഈടാക്കിയതിൻെറ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/10.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ടെണ്ടർ വേരിയേഷൻ ഇനത്തിൽ പഞ്ചായത്തിനുണ്ടായ അധിക ചെലവ് ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല

സ.ഉ.(കൈ) നം.84/തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8, 2012 ലെ PWD റിവൈസ്ഡ് മാന്വൽ സെക്ഷൻ 2602.1, 2019 ലെ CPWD മെയിന്റനൻസ് മാന്വൽ എന്നിവയിൽ നിഷ്കർഷിക്കുന്ന തരത്തിൽ റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച തദ്ദേശ സ്വയം ഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്. ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപന രേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം (സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ

എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു. മെയിന്റനൻസ് പ്രവൃത്തി നടത്തേണ്ട റോഡുകളിൽ പെറ്റി വർക്കുകൾ നടത്തി താത്കാലികമായി പരിഹാരം കാണുന്ന അവസ്ഥയാണുള്ളത്. ഉദാഹരണത്തിന് പയ്യോളി അങ്ങാടി - BTM റോഡ്, തോലേരി - വണ്ണാറകൈ റോഡ്, പോസ്റ്റ് ഓഫീസ് - പുറക്കാട്ട് റോഡ് എന്നീ റോഡുകളിലെ അറ്റകുറ്റപ്പണികൾ ഓഡിറ്റ് വർഷം പെറ്റി വർക്ക് ആയി നടത്തിയിട്ടുണ്ട്. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാക്രമത്തിലുള്ള ഒരു പ്ലാൻ ആസ്തിയുടെ പരിപാലന ചുമതലയുള്ള ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതുണ്ടെങ്കിലും അപ്രകാരം ചെയ്തതായി കാണുന്നില്ല. അപാകതയ്ക്ക് മറുപടി നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/10.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-20 എഫ്.എച്ച്.സി സബ്സെന്ററിലേക്ക് ലാപ്ടോപ്പ് വാങ്ങൽ - കെൽട്രോണിൽ നിന്ന് ലാപ്ടോപ്പ് ലഭ്യമാകാത്തതും മറ്റ് അപാകതകളും.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| പ്രോജക്ട് നമ്പർ/പേര് | 144/2024, സബ്സെന്റർ ശാക്തീകരണ പ്രവർത്തനങ്ങൾ |
| അടങ്കൽ | 3,01,000/- ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | 2,87,173/- (ബിൽ നം. 268/25.03.2024 ) |

മേൽ പ്രോജക്ട് പ്രകാരം തുറയൂർ എഫ്.എച്ച്.സി സബ്സെന്ററിലേക്ക് ലാപ്ടോപ്പ് വാങ്ങുന്നതിനായി 73,569 രൂപ കെൽട്രോണിന് കൈമാറിയിട്ടുണ്ട്. സി.പി.ആർ.സി.എസ് പോർട്ടൽ മുഖേനയാണ് കെൽട്രോണിന് ഓർഡർ നൽകിയത്. പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. കെൽട്രോണിന്റെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ 54756/20.3.2024 പ്രകാരം വർക്ക് ഓർഡർ നൽകി 45 ദിവസത്തിനകം ലാപ്ടോപ്പ് ലഭ്യമാക്കേണ്ടതാണ്. 25.3.24 ന് കെൽട്രോണിന് തുക കൈമാറിയെങ്കിലും 31.5.24 നാണ് വർക്ക് ഓർഡർ നൽകിയത്. വർക്ക് ഓർഡർ നൽകാൻ കാലതാമസം വന്നതിന്റെ കാരണം വ്യക്തമല്ല. വർക്ക് ഓർഡർ നൽകി 6 മാസം കഴിഞ്ഞെങ്കിലും ഓഡിറ്റ് തീയതി വരെ ലാപ്ടോപ്പ് ഡിസ്പെൻസറിക്ക് ലഭിച്ചിട്ടില്ല.

2. പദ്ധതി പ്രകാരം ലാപ്ടോപിനൊപ്പം വിൻഡോസ് 11 പ്രൊഫഷണൽ ഓപ്പറേറ്റിംഗ് സിസ്റ്റവും പർച്ചേസ് ചെയ്തിട്ടുണ്ട്. സൗജന്യമായി ലഭ്യമാകുന്ന ലിനക്സ് ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങാതെയാണ് സ്ഥാപനം വിൻഡോസ് 11 പ്രൊഫഷണൽ ഒ. എസ് വാങ്ങിയിട്ടുള്ളത്. മൈക്രോസോഫ്റ്റിന്റെ ഔദ്യോഗിക വെബ്സൈറ്റ് പ്രകാരം ഒരു ഒ. എസിന് 16115 രൂപ വിലയുണ്ട്. Word Processing, Web Browsing അധിഷ്ഠിത ജോലി മാത്രം നിർവ്വഹിക്കേണ്ട സബ്സെന്ററിലേക്ക് ആവശ്യകത പരിഗണിക്കാതെയാണ് ലാപ്ടോപുകളുടെ സ്പെസിഫിക്കേഷൻ നിശ്ചയിച്ചിട്ടുള്ളത്. ഐ. ടി മിഷന്റെ സി.പി.ആർ.സി.എസ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള High End- Intel സ്പെസിഫിക്കേഷനേക്കാൾ ഉയർന്ന സ്പെസിഫിക്കേഷനുള്ള ലാപ്ടോപാണ് സ്ഥാപനം പർച്ചേസ് ചെയ്തിട്ടുള്ളത്. Middle End- Intel സ്പെസിഫിക്കേഷനിലുള്ള ലാപ്ടോപുകൾ മതിയെന്നിരിക്കെ High End Laptop വാങ്ങിയതിന്റെ കാരണം വ്യക്തമല്ല. സെർവ്വർ ബേസ്ഡ് സോഫ്റ്റ്വെയറുകൾ ഉപയോഗിക്കാത്ത സ്ഥാപനം എന്ന നിലയിൽ വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിന് പണം ചെലവഴിച്ചതും ആവശ്യകത നിശ്ചയിക്കാതെ ഉയർന്ന നിരക്കിൽ High-End ലാപ്ടോപുകൾ വാങ്ങിയതും പഞ്ചായത്ത് ഫണ്ടിന് അധിക ചെലവുണ്ടാക്കിയിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/10.12.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കെൽട്രോണിൽ നിന്നും ലാപ്ടോപ്പ് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതും അപാകതകൾക്ക് വിശദികരണം

നൽകേണ്ടതുമാണ്. ലാപ്ടോപ്പ് ലഭ്യമാക്കുന്നത് വരെ 73,569/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-21 അഡ്വാൻസ് തുക സംബന്ധിച്ച് വ്യക്തതയില്ല

ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ 460100199 പ്രകാരം Other Advances 39,503/- രൂപ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അഡ്വാൻസ് രജിസ്റ്ററിൽ പേയ്മെന്റ് ടു ആർ.എം.എഫ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ തുക ഏതിനത്തിൽ ലഭിക്കാനുള്ളതാണെന്ന് വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അഡ്വാൻസ് തുക സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും തുക ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-22 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി പ്രകാരം എഗ്രിമെന്റ് വെച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ നം./ പേര് | ഗുണഭോക്താവിന്റെ പേര് | എഗ്രിമെന്റ് വെച്ച സാമ്പത്തിക വർഷം | നാളിതുവരെ കൈപ്പറ്റിയ തുക | അവസാനം കൈപ്പറ്റിയ തുക/ തീയതി | പൂർത്തീകരിച്ച സ്റ്റേജ് |
|---|---|---|---|---|---|---|
| 1 | ലൈഫ് (എസ്.സി) | സുലീന, മാടായിമീത്തൽ | 2022-23 | 40000 | 40000/ 23.6.2022 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 2 | ലൈഫ് (എസ്.സി) | ഷൈനി സുരേഷ്, കരുവാങ്കണ്ടി | 2022-23 | 40000 | 40000/ 23.6.2022 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 3 | ലൈഫ് (എസ്.സി) | മിനി, ചെറിയപറമ്പിൽ | 2023-24 | 40000 | 40000/ 13.11.2023 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 4 | ലൈഫ് (ജനറൽ) | രഖിന ജയൻ, അരീക്കൊരവട്ട | 2022-23 | 40000 | 40000/ 28.3.2023 | നിർമ്മാണം ആരംഭിച്ചിട്ടില്ല |

ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന് കാരണമുണ്ടെങ്കിൽ ആയതും, ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

12.9.23 ലെ ബോർഡ് തീരുമാന നമ്പർ 3/1 പ്രകാരം മേൽ ക്രമ നമ്പർ 1, 2 ഗുണഭോക്താക്കൾക്ക് പണി ആരംഭിക്കാത്ത പക്ഷം 12% പലിശ നിരക്കിൽ പണം തിരിച്ചടയ്ക്കാൻ നോട്ടീസ് നൽകിയിരുന്നെന്നും, പിന്നീട് 25.10.24 നം നോട്ടീസ് നൽകിയെന്നും 28.10.24 ലെ ഭരണസമിതി യോഗത്തിൽ ഇവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് അനുവാദം ചോദിച്ചുകൊണ്ട് അജണ്ട നൽകിയിട്ടുണ്ട് എന്നുമാണ് മറുപടി നൽകിയത്.

ക്രമ നമ്പർ 3 ഗുണഭോക്താവിനോട് വീട് പണി ആരംഭിക്കാൻ പല പ്രാവശ്യം വാക്കാൽ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ക്രമ നമ്പർ 4 ഗുണഭോക്താവിനോട് വീട് പണി ആരംഭിക്കാൻ പല പ്രാവശ്യം ആവശ്യപ്പെട്ട് നോട്ടീസ് നൽകിയെന്നുമാണ് മറുപടി നൽകിയത്.

വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ഗുണഭോക്താക്കൾ സമയബന്ധിതമായി ഭവന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്. മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-23 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മ സേന - പ്രവർത്തനാവലോകനം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഉൾപ്പെടുന്നതാണ്

ഹരിതകേരളം മിഷൻ. ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. ശാസ്ത്രീയ മാലിന്യപരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് 15.07.2017ലെ സ.ഉ(സാധാ) 2420/2017/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവമാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ, അതിനൊക്കെ സഹായകമായ പൊതുജനസൗഹൃദ ആസ്തികളുടെ നിർമ്മാണം എന്നിവ വഴി കേരളം രാജ്യത്തിന് മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കുക എന്നുള്ളതാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്നത്. അതിനായി തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന.

ഹരിതകർമ്മസേനയുടെ വിശദമായ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് 12.08.2020ലെ സ.ഉ(സാധാ) 1496/2020/തസ്വഭവ നമ്പരായി സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിതകർമ്മസേന രൂപീകരണം, ഹരിതസേനാംഗങ്ങളുടെ തെരഞ്ഞെടുപ്പ്, പരിശീലനം, മാലിന്യ ശേഖരണം, സംഘടനാ സംവിധാനം, സംരംഭ പ്രവർത്തനം, കൺസോർഷ്യം രൂപീകരണം, സാമ്പത്തിക സ്രോതസ്സ്, അക്കൗണ്ടുകൾ/യൂസർഫീ കൈകാര്യം ചെയ്യുന്ന രീതി, കോർപ്പസ് ഫണ്ട്, മറ്റു വരുമാന മാർഗ്ഗങ്ങൾ, ഓഫീസ് സംവിധാനം, കണക്കെഴുത്ത്, ഓഡിറ്റ്, തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, പരാതി പരിഹാരം, ഹരിത കർമ്മസേനയുടെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതലകൾ എന്നിവയെക്കുറിച്ചെല്ലാം പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തുറയൂർ ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

1) ഹരിത കർമ്മസേന

തുറയൂർ ഗ്രാമപഞ്ചായത്തിൽ 2018 ലാണ് വീടുകളിൽ നിന്ന് അജൈവമാലിന്യം ശേഖരിക്കുന്ന പ്രവർത്തനം ആരംഭിച്ചത്. എന്നാൽ ഇന്ന് നിലവിലുള്ള രീതിയിൽ ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത് 2021 അവസാനത്തോട് കൂടി മാത്രമാണ്. ഹരിത കർമ്മസേന കുടുംബശ്രീയുടെ കീഴിൽ കൺസോർഷ്യമായി രജിസ്റ്റർ ചെയ്തിട്ടുണ്ട് (രജി. നം. – Kz 64/2/24)

2) മാലിന്യ ശേഖരണം

നിലവിൽ മുൻകൂട്ടി തയ്യാറാക്കിയ കലണ്ടറിന്റെ അടിസ്ഥാനത്തിൽ എല്ലാ മാസവും ഹരിത കർമ്മസേനാംഗങ്ങൾ മാലിന്യശേഖരണം നടത്തി വരുന്നുണ്ട്. വീടുകളിൽ നിന്ന് 50/- രൂപയും കടകളിൽ നിന്ന് 100/- രൂപയും ചെറിയ കടക്കാരിൽ നിന്നും 50/- രൂപയുമാണ് ഈടാക്കി വരുന്ന യൂസർ ഫീ. യൂസർ ഫീ ആയി ഈടാക്കുന്ന തുകയ്ക്ക് പുറമേ റിജക്റ്റഡ് വേസ്റ്റിന് തൂക്കത്തിനനുസരിച്ച് തുക ഈടാക്കി വരുന്നു.

3) മാലിന്യ ശേഖരണ കാര്യക്ഷമത

2023 മാർച്ച് മാസത്തിലും, 2024 മാർച്ച് മാസത്തിലും യൂസർഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| 2023 മാർച്ച് മാസം | | 2024 മാർച്ച് മാസം | |
|---|---|---|---|
| വീടുകൾ | മറ്റ് കെട്ടിടങ്ങൾ | വീടുകൾ | മറ്റ് കെട്ടിടങ്ങൾ |

| യൂസർ ഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | | | |
|---|---|---|---|
| 1067 | 112 | 3128 | 234 |
| പിരിച്ചെടുത്ത ആകെ യൂസർ ഫീ | | | |
| 40420 | 9850 | 156400 | 23260 |

യൂസർ ഫീ നൽകാൻ കഴിവില്ലാത്ത 37 അതിദരിദ്ര കുടുംബത്തിൽപ്പെട്ടവർക്കും 37 ആശ്രയ ഗുണഭോക്താക്കൾക്കും യൂസർ ഫീ നൽകുന്നതിനുള്ള പ്രൊജക്റ്റ് ഗ്രാമപഞ്ചായത്ത് 2024-25 സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായി വി.ഇ.ഒ അറിയിച്ചിട്ടുണ്ട്.

മാലിന്യ ശേഖരണ – നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ക്യൂ. ആർ കോഡ് പതിച്ച കെട്ടിടങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| വീടുകൾ | മറ്റ് കെട്ടിടങ്ങൾ |
|---|---|
| 3921 | 425 |

യൂസർ ഫീ പിരിവിന് യോഗ്യമായ മുഴുവൻ കെട്ടിടങ്ങളിലും ക്യൂ. ആർ കോഡ് പതിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതും മാലിന്യശേഖരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മാലിന്യശേഖരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേന പിരിക്കുന്ന യൂസർ ഫീ കൈകാര്യം ചെയ്യുന്നതിനായി കേരള ഗ്രാമീൺ ബാങ്കിന്റെ പയ്യോളി ബസാർ ശാഖയിലാണ് സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത് (അക്കൗണ്ട് നം. 40209101068764). പ്രസ്തുത അക്കൗണ്ടിലെ 31.03.2024 ലെ നീക്കിയിരിപ്പ് 2,83,375/- രൂപയാണ്. 2022-23, 2023-24 സാമ്പത്തിക വർഷം ഹരിത കർമ്മസേനയുടെ വരുമാനവും ചെലവുകളും സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | 2022-23 | 2023-24 |
|---|---|---|
| പിരിച്ചെടുത്ത യൂസർ ഫീ | 9,63,390 | 16,95,590 |
| സെഗ്രിഗേറ്റഡ് വേസ്റ്റിൽ നിന്നുള്ള വരുമാനം | 1,32,360 | 3,42,821 |
| സേനാംഗങ്ങൾക്ക് നൽകിയ വേതനം | 8,28,000 | 14,91,400 |

4) മാലിന്യ നീക്കം

ഹരിതകർമ്മസേന ശേഖരിക്കുന്ന തിരസ്കൃതമാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ടെണ്ടർ വിളിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുമായി കരാറിലേർപ്പെട്ടു വരുന്നുണ്ട്. ഓഡിറ്റ് വർഷം "കൊനാരീസ്" എന്ന ഏജൻസിയായിരുന്നു മാലിന്യനീക്കത്തിന് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരുന്നത് (എഗ്രിമെന്റ് തീയതി 31.3.24 വരെ). റിജക്റ്റഡ് വേസ്റ്റ് കിലോഗ്രാമിന് 6.10/- രൂപ നിരക്കിലാണ് അവർ നീക്കം ചെയ്തിരുന്നത്. നിലവിലും ഇതേ ഏജൻസിയാണ് മാലിന്യം നീക്കം ചെയ്യുന്നത്. റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്യുന്നതിനു പ്രോജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്നത് കഴിഞ്ഞുള്ള തുക ഹരിതകർമ്മസേനയുടെ വരുമാനത്തിൽ നിന്നാണ് ഏജൻസികൾക്ക് നൽകി വരുന്നത്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷം 17,370 കിലോ ഗ്രാം റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് 1,05,957/- രൂപ ചെലവഴിച്ചിട്ടുണ്ട്.

മാലിന്യം നീക്കം ചെയ്തതിന് ശേഷം ഏജൻസി ലഭ്യമാക്കുന്ന അളവുളുക്ക ബില്ലുകളുടെ അടിസ്ഥാനത്തിലാണ് അവർക്ക് കരാർ പ്രകാരമുള്ള തുക നൽകി വരുന്നത്. ലക്ഷ്മി വെയ്ബ്രിഡ്ജ്

കൊയിലാണ്ടി, പേരാമ്പ്ര എന്നിവിടങ്ങളിൽ വച്ചാണ് മാലിന്യനീക്കത്തോടനുബന്ധിച്ച് വാഹനങ്ങളുടെ തൂക്കമെടുത്തു വരുന്നത്. നീക്കം ചെയ്യുന്ന മാലിന്യത്തിന്റെ തൂക്കമെടുക്കുന്നതിന് കൃത്യമായ മേൽനോട്ടം ഉറപ്പുവരുത്തേണ്ടതാണ്.

5) മാലിന്യ വേർതിരിവ് പാലിക്കലും റീസൈക്ലിങ്ങും

ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ച് ചെറിയ തോതിൽ വേർതിരിക്കുന്നു. തുടർന്ന് എം.സി.എഫിൽ വച്ച് വിശദമായ വേർതിരിവ് നടത്തുകയും, പുനരുപയോഗ്യ മാലിന്യങ്ങൾ വിൽക്കുകയും, ശേഷിക്കുന്നവ മാലിന്യനീക്ക ഏജൻസിക്ക് നൽകുകയുമാണ് ചെയ്യുന്നത്.

6) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ എന്നിവ ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. അതിനായി മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കേണ്ടത് അത്യാവശ്യമാണ്. അതിനായി ഗ്രാമസഭ, കുടുംബശ്രീ, തൊഴിലുറപ്പ് പ്രവർത്തനങ്ങളിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

7)തൊഴിൽ സൃഷ്ടിക്കൽ

നിലവിൽ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലേക്കായി ആകെ 15 ഹരിത കർമ്മസേനാംഗങ്ങൾ ആണ് ഉള്ളത്. സേനാംഗങ്ങൾക്ക് നിലവിൽ ദിവസ വേതനം 400/- രൂപയാണ്. ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പുറമേ പൊതുപരിപാടികളിലെ ഭക്ഷണവിതരണത്തിനാവശ്യമായ പുനരുപയോഗിക്കാവുന്ന പ്ലേറ്റുകളും, ഗ്ലാസുകളും ലഭ്യമാക്കുന്ന സേവനവും ഹരിതകർമ്മ സേന ചെയ്ത് വരുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ അങ്ങാടികൾ ശുചീകരിക്കുന്നതിനായി ഹരിതകർമ്മ സേനാംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

8) അടിസ്ഥാന സൗകര്യ വികസനം

ഹരിതകർമ്മസേനയ്ക്ക് യൂണിഫോം വാങ്ങി നൽകുന്നതിന് ഗ്രാമപഞ്ചായത്ത് 2024-25 വർഷം പദ്ധതി വച്ചിട്ടുണ്ട്. നിലവിൽ യൂണിഫോം കോട്ട് ലഭിച്ചിട്ടുണ്ട്. വാർഡുകളിൽ നിന്ന് എം.സി.എഫിലേക്ക് മാലിന്യമെത്തിക്കുന്നതിനായി 2024 മെയ് മുതൽ സ്വന്തം വാഹനം സെക്രട്ടറിയുടെ പദ്ധതി പ്രകാരം ലഭ്യമായിട്ടുണ്ട്. ഹരിതകർമ്മസേന സെക്രട്ടറിക്ക് വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് ലഭിച്ചിട്ടുണ്ട്. നിലവിൽ വാഹനം ഓടിക്കുന്നതിന് താൽക്കാലിക ഡ്രൈവർക്ക് 730/- രൂപ ദിവസ വേതനം നൽകി വരുന്നു.

9) മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി

2-ാം വാർഡിലുള്ള പയ്യോളി അങ്ങാടിയിൽ പഞ്ചായത്തിന് സമീപമാണ് ഗ്രാമപഞ്ചായത്തിന്റെ താൽക്കാലിക മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) സ്ഥിതി ചെയ്യുന്നത്. എം.സി.എഫിനു വേണ്ടി ഷീറ്റ് ഇട്ട് സാധനങ്ങൾ സൂക്ഷിച്ചു വരുന്നു.

10) പരിശീലനവും വികസനവും

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ട പരിശീലന പരിപാടികൾ ലഭിച്ചു വരുന്നുണ്ടെന്ന് ഹരിതകർമ്മസേന സെക്രട്ടറിയും വി.ഇ.ഒ യും അറിയിച്ചു.

11) പ്രവർത്തന അവലോകനം

ഹരിത കർമ്മസേനയുടെ പ്രവർത്തനം പ്രതിമാസ യോഗങ്ങളിലൂടെ ഗ്രാമപഞ്ചായത്ത് അവലോകനം ചെയ്യുന്നുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർ ഹരിത കർമ്മസേന പ്രവർത്തനത്തിന് മേൽനോട്ടം

വഹിച്ച വരുന്നു.

13) ഓഡിറ്റ് നിഗമനവും നിർദ്ദേശങ്ങളും

തുറയൂർ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേനയുടെ പ്രവർത്തനം മുൻവർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നിലവിൽ നല്ല രീതിയിൽ നടന്നു വരുന്നുണ്ട് എന്നാണ് പരിശോധനയിൽ മനസ്സിലാവുന്നത്. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണ സംവിധാനം സുസ്ഥിരമാക്കുന്നതിനുമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

1. കാര്യക്ഷമമായ മാലിന്യ ശേഖരണ / വേർതിരിവ് പ്രവർത്തനങ്ങൾക്കായി എല്ലാ സൗകര്യങ്ങളോടെയുമുള്ള സ്ഥിരം എം.സി.എഫ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. നീക്കം ചെയ്യുന്ന മാലിന്യത്തിന്റെ തുക്കമെടുക്കുന്നതിന് കൃത്യമായ മേൽനോട്ടം ഉറപ്പുവരുത്തേണ്ടതാണ്.
3. സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.
4. നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ച ഹരിതകർമ്മ സേനയ്ക്ക് പരിശീലനം നൽകേണ്ടതും, അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്തു നൽകേണ്ടതുമാണ്. കൂടാതെ നിലവിൽ ചെയ്തു വരുന്ന സംരംഭം മെച്ചപ്പെട്ട രീതിയിൽ തുടർന്നു കൊണ്ട് പോകുന്നതിന് വേണ്ട നിർദ്ദേശങ്ങളും സഹായവും നൽകേണ്ടതാണ്.

5. അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്കരണമേഖലയിലേക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പാക്കുക വഴി മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്വയംപര്യാപ്തമായ സംഘടനാ സംവിധാനം എന്ന നിലയിലേക്ക് ഹരിത കർമ്മസേനയെ ഉയർത്തിക്കൊണ്ടു വരേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| സാമ്പത്തിക വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2023-24 | 06.12.2024 & 07.12.2024 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | അടങ്കൽ തുക | പ്രൊജക്ട് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 15,00,000 | ലൈഫ് ഭവന പദ്ധതി എസ്.സി | 2,00,000 |
| | | 2,50,000 | വീട് വാസയോഗ്യമാക്കൽ അതിദരദ്രർ | 0 |
| | | 55,00,000 | ലൈഫ് ഭവന പദ്ധതി ജനറൽ | 3,50,000 |
| | | 2,00,000 | അനുപൂരക പോഷകാഹാര പദ്ധതി ജനറൽ | 0 |
| | | 2,18,310 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,18,310 |
| | | 3,55,000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 3,55,000 |
| | | 2,50,000 | കാലിത്തീറ്റ സബ്സിഡി | 2,50,000 |
| ആകെ | | 82,73,310 | | 13,73,310 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 72,770 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 72,770 |
| | | 3,50,000 | ലൈഫ് ഭവന പദ്ധതി എസ്.സി | 0 |
| | | 2,00,000 | അനുപൂരക പോഷകാഹാര പദ്ധതി ജനറൽ | 0 |

| | | | |
|---|---|---|---|
| | 70,00,000 | ലൈഫ് ഭവന പദ്ധതി ജനറൽ | 26,90,000 |
| | 1,00,000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 77,797 |
| | 1,00,000 | കാലിത്തീറ്റ സബ്സിഡി | 1,00,000 |
| ആകെ | 1,09,72,770 | | 29,40,567 |

## 4-3 ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | സാമ്പത്തിക വർഷം | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 2023-24 | 0 | 30,29,403 | 16,15,751 | 0 | 14,13,652 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 8 | 2003-04 | 11.14 119 | പാറൂൽ കീറിലുള്ള പറമ്പിൽ കുടിവെള്ള പ്രവൃത്തി | തടസ്സം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം 4 – 188 | തൊഴിൽ നികുതി-അപാകതകൾ | തടസ്സം തുടരുന്നു |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം (റസീപ്റ്റ് & പെയ്മെന്റ് പ്രകാരം)

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,79,57,972/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,89,23,079/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,23,569/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 50,000/- | ശ്രീ. കൃഷ്ണകുമാർ കെ, സെക്രട്ടറി |
| 1-20 | 73,569/- | ഡോ. നീതു, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| ആകെ | 1,23,569/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. കൃഷ്ണകുമാർ. കെ, സെക്രട്ടറി | സെക്രട്ടറി, തുറയൂർ ഗ്രാമപഞ്ചായത്ത് | സദ്ഗമയ, മൂടാടി, കോഴിക്കോട്-673307 |
| ഡോ. നീതു, മെഡിക്കൽ | മെഡിക്കൽ ഓഫീസർ | സനം,പെരുമാൾപുരം, |

| | | |
|---|---|---|
| ഓഫീസർ (എഫ്.എച്ച്.സി) | (എഫ്.എച്ച്.സി), ഉറയൂർ | തിക്കോടി.പി.ഒ, പിൻ-673529 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|---|
| 2000-2001 | കെ.എസ്.എ/കെ.കെ.ഡി/ പി.6/362/2021 (1) തീയതി 11.04.2022 | 1 | 1-3 |
| 2007-2008 | കെ.എസ്.എ/കെ.കെ.ഡി/ പി.6/1088/2022(6) തീയതി 28.09.2022 | 1 | 3-13 |
| 2010-2011<br>2011-2012 | കെ.എസ്.എ/കെ.കെ.ഡി/ പി.6/1088/2022 (9) തീയതി 28.09.2022 | 1 | 3-5 |
| 2014-15 | കെ.എസ്.എ/കെ.കെ.ഡി/ പി.6/1088/2022 (11) തീയതി 28.09.2022 | 1 | 2-2 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/ പി.6/1088/2022 (13) തീയതി 28.09.2022 | 3 | 2-2(iv), 3-1, 3-2 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/ പി.6/1088/2022 (14) തീയതി 28.09.2022 | 4 | 2-3, 3-3, 3-9, 3-11 |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി/ പി.6/1088/2022 (15) തീയതി 28.09.2022 | 3 | 1-7(6), 1-19, 3-1 |

| | | | |
|---|---|---|---|
| 2019-20 | കെ.എസ്.എ/കെ.കെ.ഡി/ പി.6/1088/2022(16) തീയതി 28.09.2022 | 6 | 1-2 (3), 1-2(8), 1-10 (4,5), 1-18, 1-21, 1-24 |
| 2020-21 | നം.കെ.എസ്.എ/ കെ.കെ.ഡി/ പി.6/1209/2023(2) തീയതി 11.10.2023 | 28 | 1-1 മുതൽ 1-27 വരെ, 1-29 |
| 2021-22 | നം.കെ.എസ്.എ/ കെ.കെ.ഡി/ പി.6/522/2023 തീയതി 31.05.2023 | 17 | 1-1, 1-2-1 (1), 1-2-1(9)1-7-1, 1-10,1-11,1-12,1-13,1-14, 1-15, 1-18 1-23, 1-24,1-25, 1-27, 1-33, 1-35 |
| 2022-23 | നം.കെ.എസ്.എ/ കെ.കെ.ഡി/ പി.6/1999/2023 തീയതി 09.05.2024 | 33 | 1-1-1 മുതൽ 1-1-12 വരെ, 1-2,1-4-1,1-9,1-10,1-11,1-12, 1-13,1-15,1-16,1-17,1-19,1-22, 1-23,1-24,1-25,1-26,1-27, 3-1,3-2,4-8,4-11 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 29-05-2024 and submitted on 09-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Thurayur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Thurayur Grama Panchayat as on 31-03-2024

Date: 20/12/2024

Deputy Director
District Office Kozhikode
Kerala State Audit Department

**Audit Report appended to the Audit Certificate of Thurayur Grama Panchayat for the Year 2023-2024 .**

**1.Major Observations**

Payment voucher-misclassification

**2.Other Observations**

1)The following mandatory financial statements prescribed in accounting rules are not submitted.
1) Basic Ratios 2) Notes to Accounts.
2) Cash flow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3) Timely and accurate demand entries are not made in respect of Property Tax.
4) Redemption amount not booked in liability head.
5) Redemption amount is not seen reflected in bank reconciliation statement.
6) Bank reconciliation statements does not match with their actual bank book balance.
7) Cheque deposited but not credited.
8) No further action taken regarding amount directly debited by bank.
9) Grant liability amount shown as liability in balance sheet does not match with the bank account opened for the specific grant account.
10) Register non maintanence.
11) Register does not match with accounts.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തുറയൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്